## ടി.വി മൊയ്തു



**ചൊക്ലി** കവിയൂരിലെ ടി.വി മൊയ്തു സാഹിബ് (68) ഭൗതിക ജീവിതത്തോട് വിടവാങ്ങി. മൂന്നര ദശകത്തോളം തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിൽ എഞ്ചിനീയറായിരുന്ന മൊയ്തു സാഹിബ് നാട്ടിൽ തിരിച്ചെത്തിയ ശേഷം പ്രസ്ഥാന രംഗത്ത് സജീവമായിരുന്നു. കവിയൂർ കാർകൂൻ ഹൽഖാ സെക്രട്ടറിയായിരുന്നു. കവിയൂർ പാറമ്മൽ പള്ളി മഹല്ല് സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചു. പെരിങ്ങാടി അൽഫലാഹ് സ്ഥാപനങ്ങളുടെ താങ്ങായി വർത്തിച്ചു മൊയ്തു സാഹിബ് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ബഹുമുഖ പ്രവർത്തനങ്ങളെ പല നിലക്കും പിന്തുണച്ചിരുന്നു. ജമാഅത്ത് അംഗം സി.കെ ഇബ്റാഹീം മാസ്റ്ററുടെ പുത്രിയും ആർ.യൂസുഫിന്റെ സഹോദരിയുമായ ജമീലയാണ് ഭാര്യ. ഒരു പുത്രിയടക്കം നാല് മക്കളുണ്ട്. മക്കൾ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരാണ്. കവിയൂർ മഹല്ലിലെ സംസ്കരണ-സേവന പ്രവർത്തനങ്ങൾക്ക് അകമഴിഞ്ഞ പിന്തുണ നൽകിയ മൊയ്തു സാഹിബിന്റെ വിയോഗം പ്രസ്ഥാന പ്രവർത്തന രംഗത്ത് നല്ലൊരു വിടവാണുണ്ടാക്കിയത്. സൗമ്യസ്വഭാവവും ഹൃദ്യമായ പെരുമാറ്റവും നിശ്ശബ്ദ പ്രവർത്തനവും പരേതന്റെ ഗുണവിശേഷണങ്ങളാണ്. കവിയൂർ പള്ളിയുടെ പല കാര്യങ്ങളിലും പരേതന്റെ പങ്കാളിത്തം വളരെ വലുതായിരുന്നു. പ്രദേശത്തെ ചെറുപ്പക്കാരിൽ ഇസ്‌ലാമിക ബോധവും പ്രാസ്ഥാനികാവേശവും സജീവമായിരിക്കേണ്ടതിന്റെ അത്യാവശ്യകത പലപ്പോഴും ഊന്നിപ്പറയാറുണ്ടായിരുന്നു.

**പി.പി അബ്ദുറഹ്മാൻ പെരിങ്ങാടി**

## വി.എൻ ഹമീദ് മാസ്റ്റർ



**വി.എൻ** ഹമീദ് മാസ്റ്റർ (64) ഭൗതിക ജീവിതത്തോട് വിടവാങ്ങി. അവസാനകാലത്ത് തന്റെ ശാരീരിക വിഷമതകൾ വകവെക്കാതെയാണ് അദ്ദേഹം പ്രവർത്തന രംഗത്ത് സജീവമായിരുന്നത്. തന്റെ ജന്മസ്ഥലമായ മടവൂരിൽ നിന്ന് കുട്ടമ്പൂരിലേക്ക് താമസം മാറ്റിയപ്പോൾ പ്രസ്ഥാനത്തിന്റെ പേരിൽ ഒരു പ്രദേശവും മഹല്ലും ബഹിഷ്കരണം നടപ്പിൽ വരുത്തി. അങ്ങേയറ്റത്തെ നിശ്ചയ ദാർഢ്യത്തോടെയാണ് അതിനെ അദ്ദേഹം തരണം ചെയ്തത്. ബഹിഷ്കരണത്തിനു പകരം അദ്ദേഹം ആ പ്രദേശത്തെയും ജനങ്ങളെയും നെഞ്ചേറ്റുകയും മുന്നിൽ നിന്ന് നയിക്കുകയും ചെയ്തു. മതമോ രാഷ്ട്രീയമോ നോക്കാതെ, ഉള്ളവനോ ഇല്ലാത്തവനോ ഭേദമില്ലാതെ അദ്ദേഹത്തെ നാട്ടുകാർ സ്നേഹിച്ചിരുന്നു. പ്രദേശത്തെ വിഷമിക്കുന്ന ആളുകളുടെ അത്താണിയായിരുന്നു ഹമീദ് മാസ്റ്റർ. ആശുപത്രി, വായനശാല, സഹായ കമ്മിറ്റികൾ ഇവയിലൊക്കെ ഹമീദ് മാസ്റ്റർ പങ്കാളിയായിരുന്നു. പള്ളിദർസിൽ നിന്ന് പഠിച്ച് ആലിമായ അദ്ദേഹം ആ അറിവ് മറ്റുള്ളവർക്ക് കൈമാറുന്നതിൽ വ്യാപൃതനായിരുന്നു. അവസാന കാലത്തും അഞ്ചോളം ഖുർആൻ സ്റ്റഡീ സെന്ററുകൾ അദ്ദേഹം നടത്തിയിരുന്നു. ജമാഅത്തിന്റെ കുട്ടമ്പൂർ പ്രാദേശിക ഹൽഖാ അമീറായിരുന്നു. ശിവപുരം, ചേളന്നൂർ, കരുവംപൊയിൽ, എളേറ്റിൽ വട്ടോളി തുടങ്ങിയ പല പള്ളികളിലും അദ്ദേഹം ഖത്വീബായിരുന്നു.

**കെ.ടി ഹുസൈൻ ശിവപുരം**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*